**FRIDAY SERMON / വെള്ളിയാഴ്ച ഖുത്ത്ബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**01 MARCH 2019**
23 JAMAD'UL AAKHIR 1440 AH

# THE DANGERS OF SOCIAL NETWORKS/ MEDIA
# മീഡിയ അഥവാ സോഷ്യൽ നെറ്റ് വർക്കിന്റെ അപകടങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***മീഡിയ അഥവാ സോഷ്യൽ നെറ്റ് വർക്കിന്റെ അപകടങ്ങൾ*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്ത്ബ ആരംഭിക്കുകയുണ്ടായി.

ഫെയ്സ് ബുക്ക്, യൂട്യൂബ്, വാട്ട്സാപ്പ്, മെസ്സെൻജർ, വി-ചാറ്റ്, ഇൻസ്റ്റ്ഗ്രാം, സ്നാപ്-ചാറ്റ്, ട്വിറ്റർ തുടങ്ങിയവയെ കുറിച്ച് അറിയാത്ത വർ ആരാണ്? ഇവയെപറ്റി പറയുന്നത് സോഷ്യൽ നെറ്റ് വർക്ക് എന്നാ കുന്നു. അവ ലോകമെങ്ങുമുള്ള ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കു ന്നു. ഇന്ന് 2 ബില്യൺ ജനങ്ങളിലധികം ഈ സോഷ്യൽ നെറ്റ് വർക്ക് ഉപയോഗിക്കുന്നുണ്ട്. ഒരു ബില്യൺ എന്നാൽ (ഇംഗ്ലണ്ടിൽ) ലക്ഷം കോടി/(അമേരിക്കയിൽ) നൂറ് കോടി. ഓരോ ആഴ്ചയിലും ആയിര ക്കണക്കിനാളുകൾ പുതുതായി ഇതിൽ അംഗങ്ങളായി ചേർന്നു കൊണ്ടിരിക്കുന്നു. ഇവയിൽ ഏറ്റവും കൂടുതൽ പേർ ഉപയോഗിക്കു ന്നത് ഫെയ്സ് ബുക്കാകുന്നു.

മൗറിഷ്യസിലും, ലോകത്ത് മൊത്തത്തിലും, ഏറ്റവും കൂടുതൽ, ജനസമ്മിതി നേടിയിരിക്കുന്നത് ഫെയ്സ് ബുക്കാണ്. അത് വളർന്നു കൊണ്ടിരിക്കുന്നു. ഓരോരുത്തരും ഫെയ്സ് ബുക്കിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നു. 10 വയസ്സുമുതൽ പ്രായമുള്ളവർ അതിൽ അംഗങ്ങളായിക്കൊണ്ടിരിക്കുന്നു. എല്ലാ സോഷ്യൽ ക്ലാസ്സുകളിലു

മുള്ളവർ ഇതിലുണ്ട്. ഫിലിം സ്റ്റാർസ്, ആർട്ടിസ്റ്റുകൾ, പോളിറ്റീഷ്യൻസ്, സോഷ്യൽ വർക്കേഴ്സ്, സ്റ്റുഡന്റ്സ്, പുരുഷന്മാർ, വീട്ടമ്മമാർ അങ്ങനെ തുടങ്ങി പലരും!

ഈ നെറ്റ് വർക്ക്കൾക്കു ചില ഗുണങ്ങൾ ഉണ്ടായിരിക്കുമ്പോൾ തന്നെ, അതായത് ഒരു ജോലികണ്ടെത്തുക, മുമ്പെങ്ങോ നഷ്ടപ്പെട്ട കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും കണ്ടെത്തുക. അങ്ങനെ പലതും, അതേസമയം അനേകം അപകടങ്ങളും ഇതിലുണ്ട്, വിശിഷ്യാ മുസ്ലിംകൾക്ക്!

ഫെയ്സ് ബുക്ക് ഒരു സോഷ്യൽ നെറ്റ് വർക്കാണ്. എന്നാൽ ഇത് സംബന്ധമായി ഒരു വിശദപരിശോധന നാം നടത്തുകയാണെങ്കിൽ, നമുക്ക് മനസ്സിലാകും, ഇത് യഥാർത്ഥത്തിൽ സമൂഹത്തിനെതിരായ ഒരു സോഷ്യൽ നെറ്റ് വർക്കാണെന്ന്! ഇതിന്റെ ഉപഭോക്താക്കൾ വീട്ടിലായാലും ഓഫീസിലായാലും അവർ അതിൽ നിരന്തരമായി ബന്ധിതരായിരിക്കുന്നു എന്ന് മനസ്സിലാകും. ചില യുവാക്കൾ ഫെയ്സ് ബുക്കിൽ ആസക്തരായി തീർന്നവരാകുന്നു. അവർ അത്തരം ഒരു ലോകത്തിൽ തന്നെ കഴിയുന്നവരായി തീർന്നവരാകുന്നു. യാഥാർത്ഥ്യ ലോകത്തിൽ നിന്നും അവർ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. അനേകർ കംപ്യൂട്ടറിന്റെ (ലാപ്ടോപ്പ്, ടാബ്ലറ്റ്, സ്മാർട്ട് ഫോൺ തുടങ്ങിയവ) മുമ്പിലിരുന്ന് ഭക്ഷണം കഴിക്കുന്നതിന് മുൻഗണന കൊടുക്കുന്നു. അവർ അവരുടെ പ്രത്യേക ലോകത്തിലെ സ്നേഹിതരുമായി സംവദിക്കുന്നു. അല്ലെങ്കിൽ ഫെയ്സ് ബുക്കിലൂടെ കളികൾ തുടരുന്നു. കുടുംബാംഗങ്ങളും മറ്റുള്ളവരുമായും ആഹാരം കഴിക്കുന്നതിന് സമയം ചെലവഴിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവർ ബോധമുള്ളവരല്ല.

വഹ്ഷി ഇബ്ന് ഹർബ്(റ) നിവേദനം ചെയ്തിരിക്കുന്നു. പ്രവാചകൻ (സ)യുടെ അനുചരന്മാരിൽ ചിലർ പറഞ്ഞിരിക്കുന്നു. അല്ലയോ ദൈവദൂതരെ! ഞങ്ങൾ ഭക്ഷിക്കുന്നു. എന്നാൽ ഞങ്ങൾ അതിൽ സംതൃപ്തരല്ല. പ്രവാചകൻ (സ) മറുപടിയായി പറഞ്ഞു. ഒരു പക്ഷേ നിങ്ങൾ വെവ്വേറെ ആയിരിക്കാം ഭക്ഷിക്കുന്നത്. അവർ മറുപടിയായി

പറഞ്ഞു. അതെ, അപ്പോൾ പ്രവാചകൻ (സ) പറഞ്ഞു. നിങ്ങൾ ഭക്ഷണത്തിനായി ഒരുമിച്ചിയിരിക്കുകയും അല്ലാഹു (ത)യുടെ നാമം ഉച്ചരിക്കുകയും ചെയ്താൽ അതിൽ നിങ്ങൾ അനുഗ്രഹിക്കപ്പെടുന്ന താണ്. (അബൂദാവൂദ്)

ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുമ്പോൾ, കുടുംബബന്ധങ്ങളെ അത് ശക്തിപ്പെടുത്തുന്നു. ആശയവിനിമയത്തെ ശക്തിപ്പെടുത്തുന്നു. തീർച്ച യായും അത് കൂടുതൽ അനുഗ്രഹങ്ങൾക്ക് കാരണമായിതീരുന്നു. വ്യക്തിയിലേക്ക് ചുരുങ്ങുന്നതിനെതിരാണ് ഇസ്ലാം. സാമൂഹ്യബ ന്ധത്തെ അത് പ്രോത്സാഹിപ്പിക്കുന്നു. എല്ലാ വിശ്വാസികളും ഒരു കുടും ബമായി കഴിയുവാൻ അത് ആഗ്രഹിക്കുന്നു.

ഫെയ്സ്ബുക്ക് നമുക്ക് പകർന്ന് നല്കുന്നത് വളരെയധികം ആത്മാ രാധനയാണ്. മഹാശാസ്ത്രഗവേഷകരും ബഹുഭാഷാപണ്ഡിതന്മാരും നടത്തിയ ഗവേഷണങ്ങളിൽ, ഫെയ്സ് ബുക്കിന്റെ ഭിത്തികളിൽ തറ ച്ചുനില്ക്കുന്ന സർവ്വനാമങ്ങളായ "എന്നെ" "ഞാൻ" "എന്റേതു മാത്രം" എന്നതാണ്. കൂട്ടായ സർവ്വനാമങ്ങളായ "ഞങ്ങൾ" "സമു ദായം" "മാനവകുലം" ഇവ തുലോം തുച്ഛമാകുന്നു. ഫെയ്സ്ബുക്ക് ഉപയോഗിക്കുന്നവർ വളരെയധികം സ്വയം കേന്ദ്രീകൃതരായിരിക്കുന്നു. അവർ സന്തോഷം കാണുന്നത് അവരെ സംബന്ധിച്ച് കാര്യങ്ങൾ മു ന്നോട്ടുവെയ്ക്കുന്നതിലാണ്. അവർ അവർക്ക് മാത്രമാണ് പ്രാധാന്യം നല്കുന്നത്! നെറ്റ് വർക്കിൽ അവരുടെ ജീവചരിത്രപരമായ ലഘുലേ ഖനം മനോഹാരിതമാക്കുവാനാണ് ശ്രമിക്കുന്നത്. അവർ അവരുടെ തന്നെ പ്രതിഛായയിൽ, അങ്ങനെതന്നെ കഴിയുവാനാണ്. ആഗ്രഹി ക്കുന്നത്, സംഘത്തിൽ, സമുദായത്തിൽ കഴിയുന്നതിനുള്ള ആശയ ത്തിൽ പൊതുവായ തകർച്ച ഉണ്ടായിരിക്കുന്നു. വ്യക്തി അധിഷ്ഠിത മായ ജീവിതരീതിയിൽ വളരെ വർദ്ധനവുണ്ടായിരിക്കുന്നു എന്നതിന് വളരെയധികം ഉദാഹരണങ്ങൾ കാണിക്കുവാൻ കഴിയും. പലപ്പോഴും അവർ പൊങ്ങച്ചം പ്രകടിപ്പിക്കുന്നവരായിരിക്കും. മിക്കവാറും വിദേശ യാത്രയൊക്കെ നടത്തും. സാമൂഹ്യ കൂട്ടായ്മകളിൽ പങ്കെടുക്കും. നാട്ടു

നടപ്പനുസരിച്ചുള്ള സാംസ്ക്കാരിക കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കും. അവർ വലിയ ഫോട്ടൊകളൊക്കെ പ്രസിദ്ധീകരിക്കും. ചില പ്പോൾ അത് വികൃതമായി ചിത്രീകരിക്കും എന്നിട്ട് പറയും. ഞാൻ ഈ നിലയിൽ നിന്നിരുന്നെങ്കിൽ നന്നാകുമായിരുന്നു. ചുരുക്കത്തിൽ അവർ അവരെതന്നെ സ്വയം വിലയിരുത്തുന്നതാണ്. എന്നിട്ട് പറയും എന്നെ നോക്കൂ!

ഫെയ്സ്ബുക്കിലൂടെയും ഇൻസ്റ്റാഗ്രാമിലൂടെയും അനുബന്ധ വീഡിയോകളിലൂടെയും ഈ ആളുകൾ ജീവിത നിർവ്വചനത്തെ പുഴുങ്ങി എടുക്കുകയാണ്. അവരുടെ സ്നേഹിതരുടെയും കുടുംബബന്ധങ്ങ ളുടെയും അപരിചിതരുടേയും പേജ് ചുരുളുകളിലൂടെ, അവരുടെ വില പ്പെട്ട സമയം നഷ്ടപ്പെടുത്തിക്കളയുകയാണ്. അവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു. ഫോട്ടോകൾ ഇടുന്നു. വീഡിയോകൾ പ്രദർശിപ്പി ക്കുന്നു. ഇതു കണ്ടാൽ തോന്നും അവർ പൊതുജനങ്ങൾക്കു വേണ്ടിയുള്ളവരാണെന്ന് !അവർക്ക് സ്വകാര്യമായൊന്നുമില്ലെന്ന്! ഫെയ്സ് ബുക്കും, അതും, മറ്റു മാധ്യമങ്ങളും ഇപ്പോൾ ജനങ്ങൾക്ക് ഒരു മയക്കുമരുന്നുപോലെ ആയിരിക്കുകയാണ്. ഇതില്ലാതെ ഇനി അവർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന അവസ്ഥയിലാണ്. മുഖ ത്തിന്റെ ഫോട്ടോയ്ക്ക് രൂപമാറ്റം വരുത്താതെ! മുഖാമുഖം സംസാരി ക്കുന്നതിന് പകരം, ആരോഗ്യപൂർണ്ണമായ ഒരു ജീവിതം നയിക്കുന്ന തിനു പകരം, ഇസ്ലാമിനെ ആക്ഷേപിക്കുന്ന പ്രവർത്തനങ്ങളിൽ അവർ വ്യാപൃതരായിക്കുകയാണ്.

അനേകം മുസ്ലിം സ്ത്രീകളും ഇതിന്റെ ഇരയായി തീർന്നിരിക്കുന്നു എന്ന് കാണുമ്പോൾ, സത്യത്തിൽ വളരെ ദൗർഭാഗ്യകരമായ അവസ്ഥ തന്നെയാണിത്. അവർ ഫോട്ടോകൾ, അല്ലെങ്കിൽ വീഡിയോകൾ, അവർ ഏറ്റവും നല്ല നിലയിൽ, അണിഞ്ഞൊരുങ്ങി, സദ്യകളിൽ, കല്യാ ണസദസ്സുകളിൽ, ഈദ് ദിനാഘോഷവേളകളിൽ പോലും, ചിലർ പർദ്ദ ധരിച്ചും മറ്റു ചിലർ പർദ്ദ ധരിക്കാതെയും പങ്കെടുക്കുന്നു. ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. അവരുടെ പർദ്ദയെ അവർ ഒരു വിനോദമായി നിർവ്വ

ചിക്കുന്നു. ഒരു അപ്രധാന കാര്യമായി ഒരു താത്ക്കാലികമായ കാര്യമായി കണക്കാക്കുന്നു. അല്ലാഹു(ത) അവന്റെ അനന്തമായ ബൗദ്ധികതയിലൂടെ, നിങ്ങൾ അപരിചിതരിൽ നിങ്ങൾ മനഃപൂർവ്വം, നിങ്ങളുടെ സൗന്ദര്യം വെളിവാക്കരുത് എന്ന് സ്ത്രീകൾക്കായി കല്പന പുറപ്പെടുവിച്ചിരിക്കുന്നു. അവർക്ക് അനുവദിക്കപ്പെട്ടവർക്ക് മാത്രമെ അവരുടെ സൗന്ദര്യം വെളിവാക്കാവൂ എന്നും നിഷ്ക്കർഷിച്ചിരിക്കുന്നു.

വിശുദ്ധഖുർആനിലും തിരുസുന്നത്തിലും നിറയെ ഉദാഹരണങ്ങൾ കാണാവുന്നതാണ്.

നിങ്ങൾ നിങ്ങളുടെ വീടുകളിൽ ഒതുങ്ങിയിരിക്കുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യ പ്രടകനംപോലെ നിങ്ങൾ സൗന്ദര്യപ്രകടനം നടത്തരുത്. (33:34)

ഇപ്പോൾ നാമൊന്നു നോക്കൂ! ജാഹിലിയ്യാകാലത്തെ സ്ത്രീകൾ ചെയ്യുന്നിനെക്കാൾ മോശമായ രീതിയിലാണ് ഇന്ന് മുസ്ലിം സ്ത്രീകൾ ചെയ്യുന്നത്. കഴിഞ്ഞകാലങ്ങളിൽ സോഷ്യൽ നെറ്റ് വർക്ക് ഇല്ലായിരുന്നു. ഇന്ന് നമ്മുടെ മുസ്ലിം സ്ത്രീകൾ ചെയ്യുന്നതെന്താണെന്ന് മുഴുലോകവും അറിയുന്നു. അതുപോലെ മുസ്ലിം സഹോദരന്മാരും! ഈ പ്രതിച്ഛായകൾ മുഴുവൻ നിസ്സാരമായി വീണ്ടെടുക്കാവുന്ന സാഹചര്യത്തിൽ പൊതുജനത്തിന്റെ മുമ്പിൽ ഒരു മുസ്ലിംമിന് എങ്ങനെയാണ് വാദിക്കുവാൻ ധൈര്യമുണ്ടാകുക? തങ്ങൾ സ്വയം നല്ലവരാണെന്ന്! അവർക്ക് മനസ്സിലാകുന്നില്ല അതായത് ഇന്റർനെറ്റ് ലോകം, എല്ലാ വിവരങ്ങളും അവരുടെ ജീവിതത്തിന്റെ എല്ലാ പ്രതിച്ഛായകളും, വീഡിയോകളും, എന്തിനേറെ സ്മാർട്ട് ഫോണുകൾ പോലും ഹാക്ക് ചെയ്യാവുന്ന ഉപകരണങ്ങളാകുന്നു. (ഹാക്ക് ചെയ്യുക എന്നാൽ അതിന്റെ അർത്ഥം ഒരു കംമ്പ്യൂട്ടറിൽ ശേഖരിച്ചുവെച്ചിരിക്കുന്ന വിവരങ്ങൾ അനധികൃതമായി ചോർത്തി എടുക്കുക) അവ സംരക്ഷിതങ്ങളല്ല. സോഷ്യൽ നെറ്റ് വർക്കുകൾ ഉപയോഗിക്കുന്ന എല്ലാവർക്കും ഇത് ബാധകമാണ്.

ഇസ്ലാം അതിന്റെ അനുയായികളെ അന്തസ്സിന്റെ പരിധിക്കുള്ളിൽ നിലനില്ക്കുവാൻ ആവശ്യപ്പെടുന്നു. ദൈവീക കല്പനകൾ അനുസരിക്കുവാനും അത് ആവശ്യപ്പെടുന്നു. അങ്ങനെ ആയാൽ സാത്താന്റെ സൈന്യത്തിൽ നിന്നും നാം സുരക്ഷിതരായി തീരുന്നതാണ്. ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ ഇവയാണ് എന്നാൽ ദൗർഭാഗ്യവശാൽ ഇവയ്ക്ക് നിസ്സാരവിലയെ കല്പിക്കുന്നുള്ളു.

ഇന്ന് എല്ലാവരും പറയുന്ന ഒരു കാര്യമാണ് സമയമില്ല എന്ന്! എന്നാൽ ഞാനൊന്ന് ചോദിക്കട്ടെ, നമ്മുടെ സമയം എങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്ന് നമുക്കറിയാമോ? ഫെയ്സ്ബുക്കിന് അടിമകളായി തീർന്നവർക്കറിയില്ല, അവർ ഫെയ്സബുക്ക് കളികൾക്കും, അതിൽതന്നെ വ്യാപൃതരായും എത്രസമയം ചെലവഴിച്ചുവെന്ന്! അവർ കംപ്യൂട്ടർ ആശ്രിതരായിതീർന്നിരിക്കുന്നു. മയക്കുമരുന്നുകളെപോലെ, അവയില്ലാതെ അവർക്കിനി ജീവിക്കുവാൻ സാദ്ധ്യമല്ല. ഏതുതരത്തിലുള്ള ലഹരിയും അപകടകാരിതന്നെയാണ്. കൂടുതലായി ഫെയ്സ്ബുക്ക് ഉപയോഗിക്കുന്നവരിൽ പലരും ആത്മഹത്യചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധിതരായി കഴിഞ്ഞാൽ, ഈ കൊളുത്തിൽ പലരും ആത്മഹത്യചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധിതരായി കഴിഞ്ഞാൽ, ഈ കൊളുത്തിൽ നിന്നും ഊരിവരുവാൻ വളരെ പ്രയാസമാണ്. അവരതിൽ കൂടുതൽ കൂടുതൽ വ്യാപൃതരായിതീരുകയും, മറ്റുള്ളവരുടെ സ്വകാര്യജീവിത്തിലെ രഹസ്യങ്ങളെക്കുറിച്ചറിയുവാനുള്ള ഉത്ഖണ്ഠ ഉണ്ടാവുകയും, അതുപോലെ മറ്റു കാര്യങ്ങളിലും തത്പരരായി തീരുകയും, ഇവയൊന്നും അവരെ ബാധിക്കുന്നതല്ല എന്ന കാര്യവും അവർ വിസ്മരിക്കുന്നു.

അബൂഹുറൈ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞിരിക്കുന്നു. ഒരു വ്യക്തിയുടെ സമ്പൂർണ്ണ ഇസ്ലാമിന്റെ ഒരു ഭാഗം, അവൻ ആവശ്യമില്ലാത്ത കാര്യത്തിൽ നിന്നും പിന്മാറലാകുന്നു. (തിർമിദി)

അതുമിതും പറഞ്ഞിരിക്കുക, തെറ്റായ വാർത്തകൾ ഉണ്ടാക്കുക. ഇവയുണ്ടാക്കുന്നത് സ്വാർത്ഥതമൂലമാകുന്നു. അതിലൂടെ മറ്റുള്ളവരുടെ രഹസ്യരതികളുടെ ഒളിഞ്ഞുനോട്ടത്തിലേക്കും മറ്റും അവരെ കൊണ്ടെത്തിക്കുന്നു. ഇവയൊക്കെ ഇസ്ലാം നമ്മെ പഠിപ്പിച്ചതിനെതിരാണ്, ഇവ ചെയ്യുന്നതിലൂടെ, വളരെ പ്രധാനപ്പെട്ട പല നല്ല കാര്യങ്ങളും നാം വിസ്മരിച്ചു പോകുന്നു. അവഗണിക്കുന്നു. ഒഴിച്ചുകൂടാൻ പാടില്ലാത്ത നിശ്ചിതസമയത്തെ നമസ്ക്കാരം, അഥവാ അതുപോലെ ഖുർആൻപാരായണവും ഖുർആൻ പഠനവും!

ലോകത്തിന്റെ നല്ലൊരു ഭാഗവും ഫെയ്സ് ബുക്കിന് അടിമപ്പെട്ടു പോയിരിക്കുന്നു. ഫെയ്സ് ബുക്കില്ലാത്ത ഒരു ദിവസത്തിനു വേണ്ടി വാദിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ഇന്നലെ, വ്യാഴാഴ്ച, 2019 ഫെബ്രുവരി 28 ഫെയ്സ് ബുക്കില്ലാത്ത അന്താരാഷ്ട്രദിനമായിരുന്നു. എന്നാൽ വാസ്തവത്തിൽ നാം നമ്മുടെ ജീവിതം പൂർണ്ണമായ നിലയിൽ ജീവിക്കേണ്ടതാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നാം കഴിയേണ്ടതാണ്, ഏതെങ്കിലും ഒരു കാര്യത്തിൽ അങ്ങനെ തന്നെ കഴിയുന്നതിൽ നിന്നും നാം മുക്തരാകേണ്ടതാണ്. സോഷ്യൽ നെറ്റ് വർക്ക് പൂർണ്ണമായും മോശമാണെന്നല്ലാ ഞാൻ പറയുന്നത്. മറിച്ച് ഇതിൽ നിന്നും വളരെ പ്രയോജനങ്ങളുണ്ട്! എന്നാൽ ഇവ എപ്പോൾ ഉപയോഗിക്കണം എങ്ങനെ ഉപയോഗിക്കണം എന്ന് അറിഞ്ഞിരിക്കണം. ഇന്ന്, ആഗോളവത്ക്കരണത്തിലൂടെ നാം, മുസ്ലിംകൾക്ക്, നമുക്ക് വളരെ പ്രയോജനകരമായ ഉപകരണങ്ങളുണ്ടായി തീർന്നിരിക്കുകയാണ്. ഇന്റർനെറ്റിലൂടെയും, ആധുനിക കാലത്തിലെ ഏറ്റവും പുതിയ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള ഉപകരണങ്ങളിലൂടെയും! ഈ മോഡേൺ ഉപകരണങ്ങൾ ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിനായി ഉപയോഗിക്കുവാനുള്ള അവസരം നമുക്ക് കൈവന്നിരിക്കുകയാണ്, ലോകത്തെ സത്യത്തിന്റെ ഭാഷ പഠിപ്പിക്കുവാൻ, ആത്മീയതയുടെ ഭാഷ പഠിപ്പിക്കുവാൻ ഭൗതികവും ആത്മീയവുമായ നമ്മുടെ അറിവിനെ സമ്പന്നമാക്കുവാൻ!

ആയതിനാൽ അല്ലാഹുവിനെ പ്രീതിപ്പെടുത്തുവാനായി മാത്രം നമുക്ക് ഇവയെ ഉപയോഗപ്പെടുത്താം, നമ്മുടെ ഈമാനെ പടുത്തുയർത്തുവാനും ഏകീകരിക്കുവാനുമായി, മറിച്ച്, നമ്മുടെ ഞാനെന്ന ഭാവത്തേയും ആർഭാടത്തെയും തൃപ്തിപ്പെടുത്തുവാനല്ല ! പ്രയോജനരഹിതമായ കാര്യങ്ങൾക്കായി നമ്മുടെ വിലപ്പെട്ട സമയത്തെ നഷ്ടപ്പെടുത്താതിരിക്കാം. ഈലോകത്തും നാളെ പരലോകത്തും പ്രയോജനമില്ലാത്ത കാര്യങ്ങളിലേക്ക്, നമുക്ക് നോക്കാതിരിക്കാം. ഈ സമയം നമുക്ക് അല്ലാഹുമായി ചേർന്നു നില്ക്കുന്നതിനായി, നമ്മുടെ സൃഷ്ടാവുമായി കൂടുതൽ അടുപ്പം സ്ഥാപിക്കുന്നതിനായി, അവനെ തൃപ്തിപ്പെടുത്തുന്ന കാര്യങ്ങൾക്കായി, ആ സമയം നമുക്ക് ഉപയോഗപ്പെടുത്താം, എല്ലാ രംഗങ്ങളിലും സമുദായത്തിന് നമ്മെ ആവശ്യമുണ്ട്. അശരണരെ സഹായിക്കുക, സാധുക്കളെ സംരക്ഷിക്കുക, അനാഥരെ നമ്മോടൊപ്പം ചേർത്തു നിർത്തുക. രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ സമൂഹസേവനത്തിനായി പ്രേരിപ്പിക്കേണ്ടതാണ്. സ്ക്കൂൾ അവധി ദിവസങ്ങളിലും മറ്റ് ഒഴിവുള്ള ദിവസങ്ങളിലും, ആവശ്യമില്ലാത്ത സോഷ്യൽനെറ്റ് വർക്കിന്റെ പുറകെ പോയി അവരുടെ ഊർജ്ജവും അവരുടെ സമയവും നഷ്ടപ്പെടുത്തുന്നതിന് പകരം കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുക.

സോഷ്യൽ മീഡിയ വഴി, അവർ അഭിമുഖീകരിക്കുന്ന അപകടങ്ങളെകുറിച്ച്, ബോധ്യമാക്കുവാൻ, മുതിർന്നവരെയും യുവജനങ്ങളെയും അല്ലാഹു സഹായിക്കട്ടെ! ആമീൻ

തീർച്ചയായും അല്ലാഹു നമ്മെ സഹായിക്കുന്നതാണ്. എന്നാൽ നാം ആവശ്യമായ പ്രയത്നം നടത്തേണ്ടതുണ്ട്.

നമ്മുടെ ഈമാന് ഹാനികരമായ പ്രയോജനരഹിതമായ പ്രവർത്തികളിൽ നിന്നും നാം ഒഴിഞ്ഞുമാറേണ്ടതുതന്നെയാണ്. പ്രയോജനകരമായ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ നാം ഇടപെടുകയും അതിൽ നിന്നും സത്ഫലങ്ങൾ വിളയിക്കുകയും ചെയ്യേണ്ടതാണ്. ദൈവീക സന്ദേശത്തെ വ്യാപിപ്പിക്കുക, പ്രചരിപ്പിക്കുക അതാണ് നമ്മുടെ

ലക്ഷ്യം. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും നാമത് എത്തിക്കണം. നമുക്ക് അതിനുള്ള ഉപകരണങ്ങളുണ്ട്. അവയെ എങ്ങനെ ഉപയോഗിക്കണമെന്ന് നമുക്ക് പഠിക്കാം. നിങ്ങൾ സംശയാലുവാണെങ്കിൽ, നിങ്ങൾക്കതിൽ നിന്നും വഴുതിപോകാതെ ഉപയോഗിക്കുവാൻ അറിയില്ലെങ്കിൽ, (അല്ലാഹുവിന്റെ കലാമിനെ പ്രചരിപ്പിക്കുക എന്നതാണ് പ്രധാനലക്ഷ്യം) അപ്പോൾ, നിങ്ങൾ ഇതിൽ നിന്നും (സോഷ്യൽ മീഡിയയിൽ നിന്നും) മാറി നില്ക്കുക. എന്നിട്ട് നിങ്ങളുടെ ആശയവിനിമയ കഴിവിനെ ഉപയോഗിക്കുക. എന്നിട്ട് തബ്ലീഗ് ചെയ്യുക. ജനങ്ങളിലേക്ക് ചെല്ലുക! അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുക! അവന്റെ ദീനിലേക്ക് ക്ഷണിക്കുക! മീഡിയ ബന്ധത്തെക്കാളും ഏറ്റവും മെച്ചമായത് നേരിട്ടുള്ള ബന്ധംതന്നെയാണ്.

ഈ പ്രസംഗം യഥാവിധി മനസ്സിലാക്കുവാൻ അല്ലാഹു(ത) നിങ്ങളെ സഹായിക്കട്ടെ! നിങ്ങൾ സോഷ്യൽ നെറ്റ് വർക്കിന്റെ അടിമ ആണെങ്കിൽ, നിങ്ങൾ അതിനായി ഒരു നിശ്ചിതസമയം കണ്ടെത്തുക. പ്രസ്തുത മീഡിയലോകത്ത് നിങ്ങളുടെ വിലപ്പെട്ട സമയം നിങ്ങൾ നഷ്ടപ്പെടുത്തിക്കളയരുത്.!നിങ്ങൾക്ക് അല്ലാഹു(ത) നല്കിയ യഥാർത്ഥ ജീവിതം ജീവിക്കുക! നിരോധിത മേഖലയിൽ നിന്നും അകലം പ്രാപിച്ച് അവന്റെ തൃപ്തി കരസ്ഥമാക്കുവാൻ ശ്രമിക്കുക.

*Translated & Issued By :*
***R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***Ph : 9447001832, 6238065545***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***